'ബോംബ് വച്ചത് ചില സ്ത്രീകളുടെ ഇസ്‌ലാം വിരുദ്ധ സമീപനം കാരണം'

നസീറിനെ ചോദ്യം ചെയ്യുന്നത് തുടരുന്നു

കണ്ണൂർ: റംസാൻ കാലത്ത് അല്ലാഹുവിനെ സ്തുതിച്ച് വീടുകളിൽ ഒതുങ്ങിക്കഴിയേണ്ടതിനു പകരം ചില മുസ്‌ലിം സ്ത്രീകൾ നോമ്പിന്റെ പേരു പറഞ്ഞ് ഭക്ഷണശാലകളിലേക്ക് ഇറങ്ങുന്നതിൽ പ്രതിഷേധിച്ചാണ് കണ്ണൂർ ടാക്സി സ്റ്റാൻഡിൽ ബോംബു വച്ചതെന്ന് ലഷ്കർ ഭീകരൻ തടിയന്റവിട നസീർ ആവർത്തിച്ചു.

കഴിഞ്ഞദിവസം പൊലീസ് കസ്റ്റഡിയിൽ വിട്ട നസീറിനെ കണ്ണൂർ ടൗൺ സി.ഐ പി.പി. സദാനന്ദന്റെ നേതൃത്വത്തിലുള്ള സംഘം ചോദ്യം ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഇക്കാര്യം ആവർത്തിച്ചത്.

നോമ്പുകാലത്ത് പുറത്തു പോയി ഭക്ഷണം കഴിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ കെട്ടിയുണ്ടാക്കുന്ന താൽക്കാലിക ഷെഡ്ഡുകളും ഷാമിയാനകളും അനുവദിക്കുന്നതു തങ്ങൾ നേരത്തെ എതിർത്തിരുന്നുവെന്നും നസീർ പറഞ്ഞു.

2008 സെപ്തംബർ 25നാണ് കണ്ണൂർ സ്റ്റേഡിയം കോർണറിൽ നസീറും റഹ്നാസും ചേർന്ന് 52 ഡിറ്റനേറ്ററടങ്ങിയ ബോംബുകൾ സ്ഥാപിച്ചത്.

ഈ കേസുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ചയാണ് കണ്ണൂർ ജുഡിഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേറ്റ് (മൂന്ന്) വി.യു. ഉണ്ണികൃഷ്ണൻ നസീറിനെ 11 ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വിട്ടത്. ഈ കേസിൽ പ്രതിയായ റഹ്നാസ് ഇപ്പോൾ റിമാൻഡിലാണ്.

കണ്ണൂർ തയ്യിലിലെ വിനോദ് വധക്കേസിലും തയ്യിലിൽ വച്ചു പൊലീസിനെ ആക്രമിച്ച കേസിലും പ്രതിയാണ് നസീർ. ഈ കേസിൽ നസീറിനെ ഹാജരാക്കാൻ ജുഡിഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേറ്റ് കോടതി (ഒന്ന്) നേരത്തെ പ്രൊഡക്ഷൻ വാറന്റ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബാംഗ്ളൂർ പൊലീസിന്റെ കസ്റ്റഡിയിൽ നിന്നു നസീറിനെ വിട്ടു കിട്ടിയിരുന്നില്ല.

കാശ്മീരിൽ കണ്ണൂർ സ്വദേശികളായ യുവാക്കൾ വെടിയേറ്റു മരിച്ചതും കളമശ്ശേരി ബസ്സ് കത്തിക്കലും ഉൾപ്പടെയുള്ള കേസുകൾ എൻ. ഐ. എ ഏറ്റെടുത്തതോടെ മുഖ്യപ്രതിയായ നസീർ എൻ. ഐ. എയുടെ കസ്റ്റഡിയിലായിരുന്നു. തീവ്രവാദ കേസുകളിൽ ചോദ്യം ചെയ്യുകയും തെളിവെടുക്കുകയും ചെയ്ത ശേഷം കഴിഞ്ഞ ദിവസമാണ് നസീറിനെ വിയ്യൂർ സെൻട്രൽ ജയിലിലേക്കു മാറ്റിയത്.

തീവ്രവാദകേസുമായി ബന്ധപ്പെട്ട തലശ്ശേരി എ.സി.ജെ. എം കോടതിയിലെ ഫയലുകൾ ഇന്നലെ എൻ. ഐ. എ ക്ക് കൈമാറി. കേസുകൾ എൻ. ഐ. എ ഏറ്റെടുത്തതോടെ ഫയലുകൾ തിരിച്ചേൽപ്പിക്കണമെന്ന എൻ. ഐ. എ കോടതിയുടെ നിർദേശത്തെ തുടർന്നാണിത്.

മുല്ലപ്പെരിയാർ: സുരക്ഷാഗാർഡിലെ എ.എസ്.ഐ യെ താമസ സ്ഥലത്തുനിന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ പുറത്താക്കി

കുമളി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ ഗാർഡിലെ എ.എസ്.ഐ യെ അണക്കെട്ടിലെ താമസ സ്ഥലത്തുനിന്ന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ഇറക്കിവിട്ടു. അണക്കെട്ടിൽ നിന്ന് മണൽവാരി ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള തമിഴ്നാടിന്റെ നീക്കത്തെ കുറിച്ച് ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകിയതിലുള്ള പകപോക്കലായാണ് പുറത്താക്കൽ നടപടി. ഒരു എ.എസ്.ഐ ഉൾപ്പടെ 32 അംഗ കോരളപോലീസ് സേനയാണ് അണക്കെട്ടിന്റെ സുരക്ഷ ചുമതല വഹിക്കുന്നത്. ഇവർക്ക് താമസിക്കുന്നതിനും, ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുന്നതിനും തമിഴ്നാട് പൊതുമരാമത്ത് വകുപ്പാണ് കെട്ടിടം അനുവദിച്ചിരുന്നത്. എ.എസ്.ഐ യുടെ ക്യാമ്പ് ഇൻസ്പെക്ഷൻ ബംഗ്ലാവിനോട് ചേർന്ന ഒരു മുറിയാലായിരുന്നു. പ്രത്യേകിച്ച് കാരണമൊന്നും ചൂണ്ടിക്കാണിക്കാതെ കഴിഞ്ഞ ദിവസം മുറി ഒഴിയാൻ തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജീനിയർ രാജേഷ് ആവശ്യപ്പെടുകയായിരുന്നു. തമിഴ്നാട്ടിൽ നിന്ന് ഉദ്യോഗസ്ഥർ കൊണ്ടുവന്ന തൊഴിലാളികൾ അണക്കെട്ടിൽ നിന്ന് മണൽവാരുന്നത് ശ്രദ്ധയിൽപ്പെട്ട എ.എസ്.ഐ അതിന്റെ ഫോട്ടോ ഗ്രാഫുകൾ എടുത്ത് മേലുദ്യോഗസ്ഥർക്ക് നൽകിയിരുന്നു. കൂടാതെ അടുത്തിടെ അണക്കെട്ടിന്റെ ഉൾഭിത്തിയിലെ പ്ലാസ്റ്ററിങ്ങ് അടർന്ന് പോയ ഭാഗങ്ങളിൽ സിമന്റ്തേച്ച് മറയ്ക്കുന്നതിന്റെ വിവരങ്ങളും സുരക്ഷാഗാർഡ് റിപ്പോർട്ട് ചെയ്തിരുന്നു.

മുല്ലപ്പെരിയാറ്റിൽ സുരക്ഷാ ജോലിചെയ്യുന്ന കേരള പോലീസിനോട് തമിഴ്നാട് ഉദ്യോഗസ്ഥർ നേരത്തേയും പകപോക്കൽ നടപടി എടുത്തിട്ടുണ്ട്. മുൻപ് ഒരിക്കൽ കുടിവെള്ളം നിക്ഷേധിച്ചുകൊണ്ടായിരുന്നു പകപോക്കൽ.

മോഹൻലാൽ പങ്കെടുക്കും

ടെറിട്ടോറിയൽ ആർമിക്ക് പൗരാവലിയുടെ സ്വീകരണം 27 ന്

കണ്ണൂർ: സേവനമേഖലയിൽ ഒട്ടേറെ പുരസ്കാരങ്ങൾ നേടിയ കണ്ണൂർ ടെറിട്ടോറിയൽ ആർമിക്ക് മാർച്ച് 27 ന് നഗരത്തിൽ ഒരുക്കുന്ന സ്വീകരണം ദേശത്തിൻെറ ആദരമാകും.

ടെറിട്ടോറിയൽ ആർമി ലഫ്റ്റനന്റ് കേണൽ പദവി ലഭിച്ച ചലച്ചിത്രനടൻ മോഹൻലാലിനുള്ള സ്വീകരണവും കൂടിയാവും ഇത്.

27ന് വൈകിട്ട് അഞ്ചുമണിക്ക് കണ്ണൂർ കോട്ടമൈതാനിയിൽ നിന്ന് മാർച്ച്പാസ്റ്റോടെയാണ് പരിപാടികൾക്ക് തുടക്കമാവുക. വൈകിട്ട് 6 മണിക്ക് സ്റ്റേഡിയം ഗ്രൗണ്ടിൽ പരേഡ് അവസാനിക്കും.തുടർന്നാണ് സ്വീകരണച്ചടങ്ങ്

നേവൽ, ടെറിട്ടോറിയൽ ആർമി ബാൻഡ് ഡിസ്പ്ലേ, ത്രീഡ്രസ് പരേഡ്, ആയുധ ഉപയോഗ പ്രദർശനം, തെയ്യം, ശിങ്കാരിമേളം, പുലിക്കളി തുടങ്ങിയവയെല്ലാം അണിനിരക്കുന്ന പരേഡ് വർണ്ണാഭമായിരിക്കും. യുദ്ധകാലത്ത് ഉപയോഗിക്കുന്ന രീതിയിലായിരിക്കും ആയുധപ്രദർശനം. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും നഗരസഭയുടെയും ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സ്വീകരണം.

ഇന്നലെ കളക്ടറേറ്റിൽ ചേർന്ന യോഗം സ്വീകരണ പരിപാടിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ജില്ലാ കലക്ടർ വി.കെ. ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീലങ്കയിലും കാശ്മീരിലും സേവനമനുഷ്ഠിച്ച കണ്ണൂർ ടെറിട്ടോറിയൽ ആർമിക്ക് ഒട്ടേറെ വിശിഷ്ട പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും നല്ല ടെറിട്ടോറിയൽ ആർമി യൂണിറ്റ് അവാർഡും ലഭിച്ചു. മോഹൻലാലിനും കപിൽദേവിനുമാണ് ടെറിട്ടോറിയൽ ആർമി ലഫ്റ്റനന്റ് കേണൽ പദവി നൽകിയത്. മോഹൻലാലിന് കണ്ണൂർ ടെറിട്ടോറിയൽ ആർമിയിലാണ് പരിശീലനം. മാർച്ച് 25, 26 തീയതികളിൽ മോഹൻലാൽ പരിശീലനത്തിനായി ഇവിടെയുണ്ടാകും.

ഒളി ക്യാമറകേസ്

പ്രതി അഖിൽജോസ് ഭാര്യയെ കൊലപ്പെടുത്തിയ പൊലീസുകാരന്റെ മകൻ

കോഴിക്കോട്: സാഗർഹോട്ടലിലെ ലേഡീസ് ടോയ്‌ലറ്റിൽ ക്യാമറ ഘടിപ്പിച്ച് നഗ്നദൃശ്യങ്ങൾ പകർത്തിയ ജീവനക്കാരൻ അഖിൽജോസിനെ ഹോട്ടലിലെ അടുക്കളയിൽ ഒളിപ്പിച്ച് രക്ഷപ്പെടുത്താൻ ശ്രമിച്ചെന്ന് പൊലീസ് കണ്ടെത്തി. സിറ്റി പൊലീസ് കമ്മിഷണർ എസ്.ശ്രീജിത്തിന്റെ നിർദ്ദേശ പ്രകാരം പൊലീസ് രഹസ്യാന്വേഷണ വിഭാഗം നടത്തിയ അന്വേഷണത്തിലാണ് ഈ വിവരം വെളിപ്പെട്ടത്.

പെൺകുട്ടികൾ ക്യാമറയിൽ നിന്ന് അത് സ്ഥാപിച്ച ജീവനക്കാരന്റെ ചിത്രം കണ്ടെടുത്തയുടൻ ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയവർ അഖിലിനെ പിടികൂടുകയും മർദ്ദിക്കുകയും ചെയ്തിരുന്നു. ഈ സമയം അഖിലിനെ പിൻഭാഗത്തെ അടുക്കള വാതിലിലൂടെ രക്ഷപെടുത്താൻ ഹോട്ടലുടമയുടെ നേതൃത്വത്തിൽ ശ്രമം നടന്നെന്നാണ് പൊലീസ് കണ്ടെത്തൽ. കൂടുതൽ പേർ ഇടപെട്ടതോടെ അഖിലിനെ അടുക്കളയിൽ നിന്ന് പുറത്തെത്തിക്കുകയായിരുന്നു. കാമറ വച്ച് നഗ്നദൃശ്യങ്ങൾ പകർത്തിയ അഖിൽ കൊലപാതകക്കേസിൽ തടവുശിക്ഷയനുഭവിക്കുന്ന ജോസ് എന്ന മുൻ പൊലീസുകാരന്റെ മകനാണ്. ഭാര്യയെ ചവുട്ടിക്കൊന്നതിന് ജോസ് ഇപ്പോൾ കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുകയാണ്. 2001ൽ കൊലക്കേസിൽ പിടിയിലായതിനെത്തുടർന്ന് ജോസിനെ പൊലീസിൽ നിന്ന് പുറത്താക്കുകയായിരുന്നു.

ഒരു മണിക്കൂർ 38 മിനിറ്റ് ദൈർഘ്യമുള്ള ടേപ്പ് തിരുവനന്തപുരത്തെ സി-ഡാക്കിൽ പരിശോധിക്കുകയാണ്. ടോയ്‌ലറ്റിൽ കയറിയ സ്ത്രീകളുടെ മുഖം ക്യാമറയിൽ പതിഞ്ഞിട്ടില്ല. സി-ഡാക്കിന്റെ റിപ്പോർട്ട് ലഭിച്ചാലേ കൂടുതൽ വിവരങ്ങൾ ലഭിക്കൂ എന്നാണ് പൊലീസ് പറയുന്നത്.

അഖിൽ മുൻപും ഇതുപോലെ ക്യാമറ ഒളിപ്പിച്ച് ദൃശ്യങ്ങൾ പകർത്തിയിട്ടുണ്ടെന്നാണ് പ്രാഥമിക നിഗമനം. ഇത് ആർക്കു വേണ്ടിയാണെന്നതടക്കമുള്ള കാര്യങ്ങളിൽ പൊലീസ് അന്വേഷണം നടക്കുന്നുണ്ട്.

ആരോഗ്യ സർവകലാശാല ഉദ്ഘാടനം മെയ് മൂന്നിന് തൃശൂരിൽ: മന്ത്രി

ഇരിങ്ങാലക്കുട: ആരോഗ്യ സർവകലാശാലയുടെ ഉദ്ഘാടനം മെയ് മൂന്നിന് തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കുമെന്ന് മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു.

കേരളകൗമുദി ഇരിങ്ങാലക്കുട ബ്യൂറോയുടെ 10-ാം വാർഷികാഘോഷ ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കവേയാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. സ്പീക്കർ കെ. രാധാകൃഷ്ണന്റെ ചേംബറിൽ കഴിഞ്ഞ ദിവസം മന്ത്രി പി.കെ. ശ്രീമതി വിളിച്ചുചേർത്ത തൃശൂർ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്. ആരോഗ്യരംഗത്ത് ഒട്ടേറെ വികസനങ്ങൾക്ക് വഴി തെളിയിക്കുന്ന ഒന്നായിരിക്കും ആരോഗ്യ സർവകലാശാല യാഥാർത്ഥ്യമാകുന്നതോടെ സാക്ഷാത്കരിക്കുക. തൃശൂരിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന ഹരിത മണപ്പുറം പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ജില്ലയിലെ തീർത്ഥാടക കേന്ദ്രങ്ങളുടെ വികസനവും തീർത്ഥാടന പദ്ധതികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുവെന്നും മന്ത്രി പറഞ്ഞു.

വനിതാസംവരണ ബിൽ നടപ്പാക്കുന്നതിൽ കോൺഗ്രസിന് ആത്മാർത്ഥതയില്ല: തമിഴ് ശെൽവി

കാഞ്ഞങ്ങാട്: രാഷ്ട്രീയ അധികാരവും സമ്പത്തും പങ്കുവയ്ക്കുന്നതിൽ തുടരുന്ന വിവേചനമാണ് വനിതാ സംവരണ ബിൽ പാസാക്കുന്നതിൽ ഉണ്ടായ സംഭവവികാസങ്ങൾ കാണിക്കുന്നതെന്നും ബിൽ നടപ്പാക്കുന്നതിൽ കോൺഗ്രസിന് ആത്മാർത്ഥതയില്ലെന്നും സംസ്ഥാന ജീവനക്കാരുടെ അഖിലേന്ത്യാ ഫെഡറേഷൻ വൈസ് പ്രസിഡന്റ് തമിഴ് ശെൽവി പറഞ്ഞു. കേരള എൻ. ജി. ഒ. യൂണിയൻ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ.

കോൺഗ്രസിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ വനിതാദിനത്തിൽ തന്നെ ശബ്ദവോട്ടോടെ ബിൽ പാസാക്കുമായിരുന്നു. സ്ത്രീ തൊഴിലാളികളുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് വലിയ പോരാട്ടങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. ഐ. ടി. ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീതൊഴിലാളികളുടെ അവസ്ഥ വളരെ പരിതാപകരമാണെന്നും തമിഴ് ശെൽവി പറഞ്ഞു.

മുല്ലപ്പെരിയാർ പാറകൾ ബലവത്ത് നിർദ്ദിഷ്ട സ്ഥലത്തു തന്നെ പുതിയ ഡാം ഉയരും

കോട്ടയം: മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രദേശത്തെ പാറകൾ ബലവത്താണെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വിദഗ്ധർ നടത്തിയ പരിശോധനയിൽ കണ്ടെത്തി. ഇതോടെ നിർദ്ദിഷ്ട സ്ഥലത്ത് തന്നെ പുതിയ അണക്കെട്ട് ഉയരുമെന്ന് ഏതാണ്ട് ഉറപ്പായി.

പാറയുടെ ഉറപ്പു പരിശോധിക്കുന്നതിന് അഞ്ചു ബോർഹോളുകൾ തീർത്തിരുന്നു. പാറ തുരന്നു രണ്ടര ഇഞ്ച് ഡയമീറ്ററിൽ എടുത്ത കോറുകൾ (സാമ്പിളുകൾ) മാർച്ച് 2ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ വിദഗ്ധർ പരിശോധനയ്ക്ക് എടുത്തിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് പാറകൾ ബലവത്താണെന്ന് കണ്ടെത്തിയത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഫുൾപ്രൂഫ് റിപ്പോർട്ട് രണ്ടാഴ്ചക്കുള്ളിൽ ജിയോളജിക്കൽ സർവ്വേയിൽ നിന്ന് ലഭിക്കുമെന്ന് മുല്ലപ്പെരിയാർ ടാസ്ക്ഫോഴ്സ് അംഗം എം. ശശിധരൻ കേരളകൗമുദിയോട് പറഞ്ഞു.

കഴിഞ്ഞ ദിവസം മുല്ലപ്പെരിയാർ ടാസ്ക്ഫോഴ്സ് യോഗം അഡീഷണൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ അധ്യക്ഷതയിൽ ചേർന്നു പ്രവർത്തനങ്ങൾ വിലയിരുത്തി. പുതിയ ഡാം ഡിസൈൻ ചെയ്യാനും ഡീറ്റെയിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള പരിപാടികളും ആരംഭിച്ചു.

നിലവിലുള്ള ഡാമിന്റെ 1300 അടി താഴെയാണ് പുതിയ ഡാം നിർമ്മിക്കുക. 1997-ൽ കേന്ദ്ര വാട്ടർ കമ്മിഷൻ ചെയർമാനായ കെ. സി. തോമസിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി തമിഴ്നാട് എഞ്ചിനീയർമാരുമായി ചേർന്ന് പുതിയ ഡാമിനുള്ള സ്ഥലം കണ്ടെത്തിയിരുന്നു. ഏറ്റവും കുറച്ചു പ്രദേശങ്ങൾ വെള്ളത്തിലാവുന്ന ഇടമാണ് കണ്ടെത്തിയത്. അവിടെ തന്നെയായിരിക്കും പുതിയ ഡാം നിർമ്മിക്കുക.

പാറകളുടെ ഉറപ്പു തൃപ്തികരമാണെന്നു കണ്ടെത്തിയതിനാൽ ഇനി ജിയോളജിക്കൽ മാപ്പിംഗ് തയ്യാറാക്കും. ഇതിനൊപ്പം വിശദമായ പ്രൊജക്ട് റിപ്പോർട്ടും കേന്ദ്ര വാട്ടർ കമ്മിഷൻ മാർഗനിർദേശപ്രകാരം തയ്യാറാക്കും. ഡാം സൈറ്റിലേക്കുള്ള റോഡ്, പാലം, കെട്ടിടങ്ങൾ, വൈദ്യുതി, ടെലിഫോൺ, വെള്ളം തുടങ്ങി ആവശ്യം വേണ്ട സൗകര്യങ്ങളെല്ലാം വിശദമായ പ്രൊജക്ട് റിപ്പോർട്ടിൽ ഉണ്ടാകും. ഇത് സെൻട്രൽ വാട്ടർ കമ്മിഷന് അയക്കും. തുടർന്ന് വിവിധ മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കുന്നതോടെ പുതിയ ഡാം നിർമ്മാണത്തിലേക്കുള്ള കാൽവെപ്പാകും.

ഇതുവരെ ഒരു തടസവും നിയമകുരുക്കുമില്ലാതെ കാര്യങ്ങൾ നീങ്ങുകയാണ്. ചെന്നൈയിൽ നിന്നെത്തിയ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ വിദഗ്ധർ പോലും അനുഭാവപൂർവ്വമായ നിലപാടാണ് ഇതുവരെ സ്വീകരിച്ചതെന്നും ശശിധരൻ പറഞ്ഞു.

ചീഫ് എഞ്ചിനീയർ സി. എൻ. സതിയുടെ നേതൃത്വത്തിൽ ഐ. ഡി. ആർ. ബിയിൽ നിന്നുള്ള സംഘം ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി വിദഗ്ധർ എന്നിവരാണ് നിർദ്ദിഷ്ട അണക്കെട്ടിന്റെ പ്രാരംഭ ജോലികൾ നടത്തിവരുന്നത്.

പുല്ലരിയാൻ പോയ വൃദ്ധൻ കുഴഞ്ഞുവീണ് മരിച്ചു: സൂര്യാഘാതം മൂലമെന്ന് അഭ്യൂഹം

അന്തിക്കാട്: പുല്ലരിയാൻപോയ ഗൃഹനാഥൻ കുഴഞ്ഞുവീണ് മരിച്ചു. പുത്തൻപിള്ളിക്കാവ് ക്ഷേത്രത്തിന് സമീപം വാക്കര മുഹമ്മദ് (82) ആണ് മരിച്ചത്.

സൂര്യാഘാതമേറ്റാണ് മരണം സംഭവിച്ചതെന്ന സംശയത്തെ തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം തൃപ്രയാർ ഗവ. ആശുപത്രി സൂപ്രണ്ട് ഡോ. എം.ജി. ശിവദാസ് സ്ഥലത്തെത്തി പരിശോധന നടത്തി. എന്നാൽ, സൂര്യാഘാതമല്ല മരണകാരണമെന്ന് ഡോക്ടർ സ്ഥിരീകരിച്ചു. ഇന്നലെ രാവിലെയാണ് ഇയാൾ വീടിന് സമീപത്തെ പറമ്പിലേക്ക് പുല്ലരിയാൻ പോയത്. ഏറെ വൈകിയിട്ടും തിരിച്ചെത്താത്തതിനെ തുടർന്ന് വീട്ടുകാർ നടത്തിയ അന്വേഷണത്തിൽ വീടിന് സമീപത്തെ കുളത്തിനരികിൽ മരിച്ചുകിടക്കുന്ന നിലയിൽ മുഹമ്മദിനെ കണ്ടെത്തുകയായിരുന്നു. മകൻ വന്ന് മൃതശരീരത്തിൽ കെട്ടിപ്പിടിച്ചതോടെ ദേഹത്തു നിന്നും തൊലി ഉരിഞ്ഞുപോയി. ഇതോടെ മരണം സൂര്യാഘാതം മൂലമാണെന്ന് സംശയമായി. എന്നാൽ മൃതദേഹം ഒന്നരമണിക്കൂറിലധികം വെയിലേറ്റ് കിടന്നതിനെ തുടർന്നാണ് തൊലി ഉരിഞ്ഞു പോയതെന്ന് ഡോക്ടർ പറഞ്ഞു. ജില്ലാ മെഡിക്കൽ ഓഫീസറും ഈ അഭിപ്രായം ആവർത്തിച്ചിട്ടുണ്ട്. കബറടക്കം നടത്തി. ഭാര്യ: കൊച്ചുമോൾ. മക്കൾ: ഹൈദ്രോസ്, ബദറുദ്ദീൻ, സത്താർ, ഉമ്മർ, ജമീല. മരുമക്കൾ: ഷെരീഫ, ജമീല, ആരിഫ, നൂർജഹാൻ, ഹമീദ്.

മലമ്പുഴ, ചുള്ളിയാർ ഡാമുകളിലെ മണൽ ടെണ്ടർ ഉറപ്പിച്ചു

പാലക്കാട്: മലമ്പുഴ, ചുള്ളിയാർ ഡാമുകളിൽ നിന്ന് ശേഖരിച്ച മണലിന്റെ ലേലം ഉറപ്പിച്ചു. ക്യൂബിക്ക് മീറ്ററിന് 2,300 രൂപ നിരക്കിൽ ടെണ്ടർ നൽകിയ തൃശൂർ വരന്തരപ്പിള്ളി സ്വദേശി വി. ആർ. പരമേശ്വരനാണ് ടെണ്ടർ ലഭിച്ചത്. മലമ്പുഴ ഡാമിൽ നിന്നും മൂന്ന് ലക്ഷം ക്യൂബിക്ക് മീറ്ററും ചുള്ളിയാർ ഡാമിൽ നിന്നും 50,000 ക്യൂബിക്ക് മീറ്ററും മണലാണ് ഇപ്പോൾ ശേഖരിച്ചിട്ടുള്ളത്. ഇപ്പോൾ ടെണ്ടർ ലഭിച്ച വി. ആർ. പരമേശ്വരന്റെ നിരക്ക് അനുസരിച്ച് 69 കോടി രൂപയുടെ മണലാണ് വിൽപ്പനയ്ക്കായി കരാറായിട്ടുള്ളത്. ക്യൂബിക്ക് മീറ്ററിന് 1800 രൂപയ്ക്കു മുകളിൽ അഞ്ച് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്ക് 1800 രൂപയായിരുന്നു. ജില്ലാ കളക്ടർ കെ. വി. മോഹൻകുമാറിന്റെ നേതൃത്വത്തിലുള്ള കോർ കമ്മിറ്റിയാണ് ഇന്നലെ രാവിലെ കളക്ടറേറ്റിൽ 11 മണിയോടെ ടെണ്ടറുകൾ പൊളിച്ച് ലേലം ഉറപ്പിച്ചത്. എസ്. പി. വിജയ് സാക്കറെ, കൈഡൽ എം. ഡി എൻ. വിമലൻ, മലമ്പുഴ ഇറിഗേഷൻ

എക്സിക്യൂട്ടീവ് എൻജിനീയർ ജോൺ പുതുശ്ശേരി, ആർ. ഡി. ഒ. അനിൽകുമാർ, എൽ. ആർ ഡെപ്യൂട്ടി കളക്ടർ സൂര്യനാരായണൻ എന്നിവരാണ് കോർ കമ്മിറ്റിയിലുള്ളത്. ആകെ 24 ടെണ്ടറുകളാണ് ലഭിച്ചത്. ടെണ്ടർ ലഭിച്ച പരമേശ്വരൻ ഒരാഴ്ചക്കുള്ളിൽ ആകെ തുകയുടെ അഞ്ച് ശതമാനമായ 3.45 കോടി രൂപ അടച്ച് എഗ്രിമെന്റ് തയ്യാറായാൽ മണൽ മലമ്പുഴയിൽ നിന്നും ചുള്ളിയാറിൽ നിന്നും മാറ്റി തുടങ്ങും. തുടർന്ന് ബാക്കി തുക അടച്ച് അടുത്ത ജൂൺ ഒന്നിനകം ശേഖരിച്ച സ്ഥലത്ത് നിന്നും മണൽ പൂർണമായും മാറ്റും. മലമ്പുഴ, ചുള്ളിയാർ ഡാമുകളിൽ നിന്ന് മണൽ കൊണ്ടുപോകുന്നതിന് വേണ്ടി നിർമ്മിക്കുന്ന റിംഗ് റോഡുകളുടെ നിർമ്മാണ പ്രവർത്തനം രണ്ടാഴ്ചക്കകം ആരംഭിക്കും. റോഡ്സ് ആന്റ് ബ്രിഡ്ജ്സ് കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. മണൽ ലേലത്തിലെടുത്ത കരാറുകാരന്റെ നിരക്കിൽ മണലെടുക്കാൻ പൊതുജനങ്ങൾക്കും അവസരം നൽകുമെന്ന് കൈഡൽ എം. ഡി എൻ. വിമലൻ പറഞ്ഞു.

ബി. എഡ്. കോളേജ് വിദ്യാർത്ഥിനിയെ കബളിപ്പിച്ചതായി പരാതി

കോഴിക്കോട്: യോഗ്യതയുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് മാത്തറയിലെ ബി.എഡ്. കോളേജ് അധികൃതർ വിദ്യാർത്ഥിനിയെ കബളിപ്പിച്ചതായി പരാതി. വെസ്റ്റ്ഹിൽ സെഫിയ മൻസിലിൽ എസ്.പി. ഷംനയാണ് പരാതിക്കാരി. ബി.എഡ്. കോഴ്സിന് ചേരാൻ 42 ശതമാനത്തിൽ കുറയാതെയുള്ള ബിരുദം വേണമെന്നിരിക്കെ 41.7 ശതമാനം മാർക്ക് നേടിയ ഷംനയെ തെറ്റിദ്ധരിപ്പിച്ച് കോളേജ് അധികൃതർ ബി.എഡ്. കോഴ്സിന് അഡ്മിഷൻ നൽകുകയായിരുന്നു. 31000 രൂപ അഡ്മിഷൻ ഫീസായി വാങ്ങുകയും ചെയ്തിട്ടുണ്ട്. പത്ത് മാസം കാലാവധിയാണ് കോഴ്സിനുള്ളത്.

പഠനം തുടങ്ങിയ വിദ്യാർത്ഥിനി ട്രയിനിംഗ് ഉൾപ്പെടെ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുകയും പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ചെയ്തു. പരീക്ഷാ ഫീസായി യൂണിവേഴ്സിറ്റിയിൽ അടയ്ക്കാൻ 850 രൂപ കോളേജ് അധികൃതർ വാങ്ങുകയും ചെയ്തു. എന്നാൽ അവസാന നിമിഷം യോഗ്യത ഇല്ലെന്ന് കാണിച്ച് വിദ്യാർത്ഥിനി നൽകിയ അപേക്ഷ യൂണിവേഴ്സിറ്റി നിരസിച്ചതായി കത്ത് അയക്കുകയായിരുന്നുവെന്ന് ഷംന ആരോപിച്ചു.

കോളേജ് അധികൃതർ യോഗ്യതയുടെ കാര്യം മുൻകൂട്ടി അറിയിച്ചിരുന്നെങ്കിൽ കോഴ്സിൽ നിന്നും പിൻമാറാൻ സാധിക്കുമെന്ന് വിദ്യാർത്ഥിനി പറഞ്ഞു. തന്റെ ഭാവി അവതാളത്തിലാക്കുകയും ഒരു വർഷത്തെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുകയും ചെയ്ത കോളേജ് അധികൃതരുടെ നടപടിക്കെതിരെ വിദ്യാർത്ഥിനി കോടതിയിൽ കേസ് നൽകിയിരിക്കുകയാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്കും വിദ്യാഭ്യാസ വകുപ്പിനും പരാതി നൽകിയിട്ടുണ്ട്.

ചുള്ളിയാർ ഡാമിലെ മണൽ പൊതുജനങ്ങൾക്ക് ലഭിക്കും

പാലക്കാട്: ചുള്ളിയാർ ഡാമിൽ നിന്നും ശേഖരിക്കുന്ന മണലിൽ നിന്നും പൊതുജനങ്ങൾക